പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3540 — 20.06.2019 ൽ മറുപടിയ്ക്ക്

ലഹരി വിരുദ്ധപ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.ടി.തോമസ് | | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി.) | |
| (എ) | സംസ്ഥാനത്ത് ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിനായി വിവിധ വകുപ്പുകളുടെ സഹകരണത്തോടെ സംയുക്ത സമിതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ വകുപ്പുകൾ ചേർന്നാണ് സമിതി രൂപീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ; | (എ) | സംസ്ഥാന ലഹരി വർജ്ജന മിഷൻ "വിമുക്തി" യുടെ പ്രവർത്തനങ്ങളുടെ ഭാഗമായി ആഭ്യന്തരം, ആരോഗ്യം, തദ്ദേശ സ്വയംഭരണം, വിദ്യാഭ്യാസം, ധനകാര്യം, ടൂറിസം, സ്പോർട്ട്സ് & യുവജന ക്ഷേമം, പട്ടികജാതി പട്ടിക വർഗ്ഗ ക്ഷേമം, സാംസ്കാരികം, ഫിഷറീസ് എന്നീ വകുപ്പുകളെ ഉൾപ്പെടുത്തി ലഹരി വ്യാപനം തടയുന്നതിനായി ബോധവത്കരണ പ്രവർത്തനങ്ങൾക്ക് സമിതി രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | വിദ്യാലയങ്ങളിൽ ലഹരി വസ്തുക്കൾ എത്തിച്ചേരുന്നത് തടയുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) | നിരന്തരമായ എൻഫോഴ്സ്മെന്റ് പ്രവർത്തനവും കൂടാതെ ഷാഡോ എക്സൈസിന്റെ നിരീക്ഷണവും നടത്തി വരുന്നു. വിദ്യാലയങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് ബോധവത്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നു. |
| (സി) | ലഹരി മാഫിയക്കെതിരെ ജനമൈത്രി പോലീസിന്റെ സേവനം ലഭ്യമാക്കുന്നതിനും റസിഡന്റ്സ് അസോസിയേഷൻ, സാംസ്കാരിക സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ സമൂഹത്തെ ലഹരി വിപത്തിൽനിന്നും സംരക്ഷിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുമോ? | (സി) | എക്സൈസ് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിൽ ജനമൈത്രി പോലീസിന്റെ സേവനവും പ്രയോജനപ്പെടുത്തി വരുന്നു. റസിഡന്റ്സ് അസോസിയേഷനുകൾ, ലൈബ്രറി കൗൺസിൽ, സന്നദ്ധ സംഘടനകൾ, കലാ-സാംസ്കാരിക സമിതികൾ എന്നിവയുടെ സഹകരണത്തോടെ സമൂഹത്തെ ലഹരിയുടെ വിപത്തിൽ നിന്നും സംരക്ഷിക്കുന്നതിനുവേണ്ട ബോധവത്കരണ പ്രവർത്തനങ്ങൾ "വിമുക്തി" മിഷൻ സംഘടിപ്പിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ